# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1634 11.08.17 ൽ മറുപടിയ്ക്ക്

**മോട്ടോർ വാഹനനിയമ ഭേദഗതി ബിൽ**

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അടൂർ പ്രകാശ് | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാരിന്റെ 2016-ലെ മോട്ടോർ വാഹനനിയമ ഭേദഗതി ബിൽ സംസ്ഥാനങ്ങളുടെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് ദ്രോഹകരമായ വകുപ്പുകൾ കേന്ദ്ര നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട് |
| (ബി) | ഈ ബില്ലിലെ ഏതെല്ലാം വകുപ്പുകളാണ് സംസ്ഥാന താത്പര്യങ്ങൾക്ക് എതിരായിട്ടുള്ളതെന്ന് അറിയിക്കുമോ ; | (ബി) | കേന്ദ്ര സർക്കാർ പുതുതായി പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള വാഹന നിയമം കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളെ എങ്ങനെ ബാധിക്കുമെന്ന് പഠിച്ചിട്ടുണ്ട്. പ്രധാനമായും ബാധിക്കുന്നവ ചുവടെ ചേർക്കുന്നു.<br>(1).1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 9(4) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 5(iii) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിന് കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന നിശ്ചിത വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരിക്കണമെന്നുള്ള വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്.<br>റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട അടയാളങ്ങളും, നിയന്ത്രണങ്ങളും മനസ്സിലാക്കുവാൻ കുറഞ്ഞൊരു വിദ്യാഭ്യാസ യോഗ്യതയെങ്കിലും ആവശ്യമായതിനാൽ വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിക്കുന്നതിനുള്ള അധികാരം |

നിലനിർത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(2).1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 14(2)(ബി) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 9(ii) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം നോൺ ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസിന്റെ കാലാവധി നിർണ്ണയിക്കുന്നത് ലൈസൻസ് ഹോൾഡറുടെ വയസ്സിന്റെ അടിസ്ഥാനത്തിലായിരിക്കും.

ഈ സമ്പ്രദായം വളരെ സങ്കീർണ്ണമായതിനാലും, വളരെയധികം ആശയക്കുഴപ്പം സൃഷ്ടിക്കുമെന്നതിനാലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതിനുള്ള സാധ്യതയുണ്ട്. ആയതിനാൽ നിലവിലുള്ള സ്ഥിതി തന്നെ തുടരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(3). നിലവിലെ മോട്ടോർ വാഹന നിയമം അനുസരിച്ച് കാലാവധി കഴിഞ്ഞ, ലൈസൻസ് കാലവധി തീർന്ന തീയതി മുതൽ 5 വർഷത്തിനുള്ളിൽ പുതുക്കി എടുക്കാമായിരുന്നു. എന്നാൽ 1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 15(4) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 10(iii)(ബി) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം 5 വർഷ കാലാവധി 6 മാസമായി കുറച്ചിരിക്കുകയാണ്.

മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണ് കേരളത്തിന്റെ സ്ഥിതി. നമ്മുടെ സംസ്ഥാനത്ത് വലിയൊരു വിഭാഗം ആളുകൾ അന്യരാജ്യങ്ങളിൽ ജോലി ചെയ്യുന്നവരാണ്. രണ്ടോ, മൂന്നോ വർഷത്തിലൊരിക്കലായിരിക്കും അവർ മാതൃരാജ്യത്തേക്ക് വരുക. ഇത്തരം സന്ദർഭങ്ങളിൽ തങ്ങളുടെ ലൈസൻസ് പുതുക്കി എടുക്കുക എന്നുള്ളത് വളരെ ബുദ്ധിമുട്ടുള്ള കാര്യമായിരിക്കും. ആയതിനാൽ 6 മാസം എന്നുള്ളത് മാറ്റി ഏറ്റവും കുറഞ്ഞത് 2 വർഷമെങ്കിലും നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | (4).1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 44(1) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 18 പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം പുതുതായി രജിസ്റ്റർ ചെയ്യുന്നതിനായി വാഹനം പരിശോധനക്കായി ഹാജരാക്കേണ്ടതില്ല.<br><br>വാഹന പരിശോധന ഒഴിവാക്കുകയാണെങ്കിൽ സാങ്കേതികമായും, സുരക്ഷാപരമായും നിലവാരമില്ലാത്ത വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത് ആത്യന്തികമായി വാഹന ഉടമയ്ക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കും. വാഹന പരിശോധനയുടെ അഭാവം ഫോം 21 ൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ ചേസ്സിസ് നമ്പർ/എഞ്ചിൻ നമ്പർ ഉള്ള വാഹനങ്ങളുടെ രജിസ്ട്രേഷനിലേക്ക് വഴി തെളിയിക്കുന്നതിനുള്ള സാധ്യത കൂടുതലാണ്. വാഹനം അപകടത്തിൽ പെടുകയാണെങ്കിൽ ചേസ്സിസ് നമ്പർ/എഞ്ചിൻ നമ്പർ വ്യത്യസ്തമായതിനാൽ വാഹന ഉടമക്ക് നഷ്ടപരിഹാരം കിട്ടുന്നതിനുള്ള സാധ്യത ഇല്ലാതാവും. ആയതിനാൽ വാഹനം രജിസ്റ്റർ ചെയ്യുമ്പോഴുള്ള വാഹന പരിശോധന നിലനിർത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>(5). 1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 56(1) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 22(i) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം 01-10-2018 മുതൽ വാഹനം ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനിൽ ടെസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ അത്തരം വാഹനങ്ങൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകേണ്ടതില്ല.<br><br>ഇത് അപ്രായോഗികമായതിനാൽ കൂടുതൽ സമയം അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത നിയമഭേദഗതി കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തനത്തെ എപ്രകാരമാണ് ദോഷകരമായി ബാധിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; | (സി) | ഇന്ത്യയിലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകൾക്ക് 1988-ലെ മോട്ടോർ വെഹിക്കിൾ ആക്ടിൽ ചാപ്റ്റർ VI-ൽ അനുവദിച്ചിട്ടുള്ള പ്രത്യേക അവകാശങ്ങൾ എടുത്ത് കളഞ്ഞ് സ്വകാര്യ മേഖലയെ കൂടുതൽ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇപ്പോഴത്തെ പ്രധാന ഭേദഗതി നിർദ്ദേശം. അതോടൊപ്പം പട്ടണങ്ങളിലും പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടും എല്ലാവിധ ഗതാഗത സൗകര്യങ്ങളും ഉപയോഗിച്ച് ഒരു സമാന്തര നവീന ഗതാഗത സംവിധാനം ഒരുക്കുന്നതിനും നിർദ്ദേശമുണ്ട്. ഈ രണ്ട് നിർദ്ദേശങ്ങളും നടപ്പിൽ വന്നാൽ ഇന്ത്യയിലെ മുഴുവൻ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളും അടച്ചുപൂട്ടുന്നതിന് വഴിയൊരുക്കുകയും, ആർക്കും പെർമിറ്റ് കരസ്ഥമാക്കി എവിടെ വേണമെങ്കിലും അവരുടെ സൗകര്യാർത്ഥം ബസ് സർവ്വീസ് നടത്തുവാൻ കഴിയുകയും ചെയ്യുന്ന അവസ്ഥ വന്നുചേരുന്നതാണ്. അതോടൊപ്പം ഇപ്പോൾ യാത്രാനിരക്ക് നിശ്ചയിക്കുന്നതിന് സർക്കാരിനും, ആർ.റ്റി.സികൾക്കുമുള്ള അവകാശങ്ങൾ പൂർണ്ണമായി ഇല്ലാതാക്കാനും ജനങ്ങൾ സ്വകാര്യ/സമാന്തര ലോബികളുടെ ചൂഷണത്തിന് വിധേയമാകുവാനും സാദ്ധ്യതയുണ്ട്. |
| (ഡി) | എങ്കിൽ ഈ നിയമഭേദഗതിക്കെതിരെ സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ കേന്ദ്ര പ്രതികരണം വിശദമാക്കുമോ? | (ഡി) | അറിയിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ പ്രതികരണം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ സംബന്ധിച്ച് പുതിയ കേന്ദ്ര നിയമത്തിലുള്ള വ്യവസ്ഥകൾ സംസ്ഥാനങ്ങളുമായി കൂടിയാലോചിക്കുമെന്ന് കത്തിൽ പറഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ